# സ്പോർട്സ് ക്വാട്ട പ്രവേശന വിവരങ്ങൾ
# ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള നിർദേശങ്ങൾ

HITC ലോഗിൻ ചെയ്താലുടൻ സ്കൂളിൽ ആകെ നടത്തിയിട്ടുള്ള സ്പോർട്സ് ക്വാട്ടാ അഡ്മിഷന്റെ എണ്ണം രേഖപ്പെടുത്തണം. ഈ കാറ്റഗറിയിൽ പ്രവേശനം നടന്നിട്ടില്ലെങ്കിൽ എണ്ണം പൂജ്യം എന്ന് രേഖപ്പെടുത്തുക.

തുടർന്ന് പുതുതായി ഡേറ്റാ എൻട്രി നടത്തപ്പെട്ട SC/ST അപേക്ഷകളുടെ ആകെ എണ്ണം ചോദിക്കുന്നുണ്ട്. ഇവിടെയും എണ്ണം രേഖപ്പെടുത്തി സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷകളില്ലെങ്കിൽ എണ്ണം പൂജ്യം എന്ന് രേഖപ്പെടുത്തുക.

സ്പോർട്സ് ക്വാട്ട കാൻഡിഡേറ്റ് എൻട്രി ലിങ്കിൽ ക്ലിക്ക് ചെയ്യുക. പ്രവേശനം നടന്ന കോംബിനേഷൻ സെലക്ട് ചെയ്യുക.

സ്പോർട്സ് കൗൺസിലിൽ നിന്നും ലഭിച്ച കത്തിന്റെ നമ്പറും തീയതിയുമാണ് റഫറൻസ് എന്ന ബോക്സിൽ ടൈപ്പ് ചെയ്യേണ്ടത്. ഇവന്റ് എന്ന ബോക്സിൽ വിദ്യാർത്ഥി ഏത് കായികയിനത്തിൽ പങ്കെടുത്തുവെന്ന് രേഖപ്പെടുത്തണം.

ഇപ്പോൾ ഡീഫോൾട്ടായി ഒരു അപേക്ഷാനമ്പർ തെളിയും. സ്പോർട്സ് കൗൺസിൽ ശുപാർശയോടൊപ്പം വിദ്യാർത്ഥി ഹാജരാക്കിയിരിക്കുന്ന അപേക്ഷയിലെ നമ്പരാകില്ല ഇവിടെ കാണിക്കുന്നത്. കംപ്യൂട്ടറിൽ  തെളിയുന്ന അപേക്ഷാനമ്പർ വിദ്യാർത്ഥിയുടെ അപേക്ഷയിൽ കുറിച്ചിടുക.

തുടർന്ന് അപേക്ഷാഫാറവും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് വിദ്യാർത്ഥിവിവരങ്ങൾ പൂർണമായി എന്റർ ചെയ്യുക.

എന്റർ ചെയ്ത അപേക്ഷാവിവരങ്ങളിൽ തിരുത്തൽ ആവശ്യമാണെങ്കിൽ സ്പോർട്സ് ക്വാട്ട കാൻഡിഡേറ്റ് അപ്ഡേഷനുള്ള ലിങ്കിൽ ക്ലിക്ക് ചെയ്ത് മാറ്റങ്ങൾ വരുത്തുക.